11. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ആറാമത് വാർഷികാഘോഷം ഇന്ത്യാ ഫെസ്റ്റ് - എസ്.പി.സി. ഡേ സെലിബ്രേഷൻ 2016 തിരുവനന്തപുരം ജില്ലയിലെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് 27-1-2016-ാം തീയതി സമുചിതമായി ആഘോഷിക്കുകയുണ്ടായി. ബഹുമാനപ്പെട്ടകേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിങ് ഈ വർഷത്തെ എസ്.പി.സി. ദിനാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും സംസ്ഥാന മന്ത്രിമാർ, എം.പി., എം.എൽ.എ.മാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന വിശിഷ്ട വ്യക്തികൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. കൂടാതെ ആറായിരത്തിൽപ്പരം കേഡറ്റുകൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരടങ്ങിയ വലിയ സദസ്സ് ഇതിന് സാക്ഷ്യം വഹിച്ചു. എല്ലാ പോലീസ് ജില്ലകളിൽ നിന്നും എസ്.പി.സി. കേഡറ്റുകൾ ഓരോ എക്സിബിഷൻ സ്റ്റാൾ വീതം തയ്യാറാക്കി പ്രദർശിപ്പിക്കുകയുമുണ്ടായി.

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ

3 (*3) ശ്രീ. പി. തിലോത്തമൻ:

ശ്രീ. വി. എസ്. സുനിൽ കുമാർ:

ശ്രീ. കെ. രാജു:

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആൻറ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ കെട്ടിട ഉടമകൾക്കെതിരെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര ഉടമകൾക്ക് നോട്ടീസ് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച ബഹുനില മന്ദിരങ്ങൾ, ഫ്ലാറ്റുകൾ, മാളുകൾ, തിയേറ്ററുകൾ തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ടോ;

(സി) ബഹുനില മന്ദിരങ്ങളുടെ സുരക്ഷയ്ക്കുള്ള നാഷണൽ ബിൽഡിംഗ് കോഡ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ എന്ത നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ & ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 1589 കെട്ടിടങ്ങളുടെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ (fire protection requirements) നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾക്ക് അനുസൃത മായിരിക്കണമെന്ന് കെ.എം.ബി.ആർ.-ലെ ചട്ടം 44, കെ.പി.ബി.ആർ.-ലെ ചട്ടം 49 എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്ക്, അപാകത ചൂണ്ടിക്കാണിച്ച്, ആയത് പരിഹരിക്കുന്നതിനായി നോട്ടീസ് നൽകിവരുന്നു. ഒരു മാസത്തെ സമയപരിധിക്കുള്ളിൽ അപാകത പരിഹരിക്കപ്പെടാത്തപക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരിയെ അറിയിച്ചുവരുന്നു.

ക്ലബ്ബുകളുടെയും ഹോട്ടലുകളുടെയും ബാർ ലൈസൻസ്

4 (*4) ശ്രീ. കെ. കെ. നാരായണൻ:
ശ്രീ. പി. കെ. ഗുരുദാസൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദു ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ എത്ര ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്;

(സി) പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നല്കുന്നതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷൻകളിലെ പുതിയ ഹോട്ടലുകൾക്ക് ബാർ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; സർക്കാരിനു ലഭിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിശോധിച്ചുവരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly